

TUESDAY 14-06-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/06/2022.

1. കേരള കാർഷിക സർവകലാശാലയുടെ കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം തൈകൾ, വിത്തുകൾ ജൈവനിവേശങ്ങൾ മുതലായവ വിൽപ്പനയ്ക്ക് ലഭ്യമാണ്. ചെറുനാരങ്ങ, ആത്തച്ചക്ക, സുറിനാം ചെറി, പാഷൻ ഫ്രൂട്ട് അവോക്കാഡോ ഗ്രാഫ്റ്റ്, വെസ്റ്റ് ഇന്ത്യൻ ചെറി, കാരമ്പോള, മധുര നെല്ലി, സപ്പോട്ട ഗ്രാഫ്റ്റ്, പനീർ ചാമ്പ, ആര്യ വേപ്പ്, കമുക് (കാസറഗോടൻ, മോഹിത് നഗർ), കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുറ്റി കുരുമുളക്, വള്ളി കുരുമുളക് -പന്നിയൂർ 1,3,6, കുരുമുളക് ഗ്രാഫ്റ്റ്, കറ്റാർവാഴ, ഗ്രാമ്പൂ, സർവസുഗന്ധി, ജാതി തൈ, ഓർണമെന്റൽ പാം എന്നിവയുടെ തൈകൾ, പച്ചക്കറി വിത്തുകൾ, വിവിധ ജൈവവളങ്ങൾ, ജൈവിക കീടരോഗ നിയന്ത്രണ ഉപാധികളായ ട്രൈക്കോഡർമ, സ്യൂഡോമൊണാസ്, വാം, മെറ്റാറൈസിയം, ബ്യുവേറിയ, ലക്കാനിസിലിയം, തെങ്ങിന്റെ കൂമ്പ് ചീയലിനെതിരെയുള്ള ട്രൈക്കോ കേക്ക്, ചെടികളുടെ വളർച്ചയ്ക്കുള്ള ഹും പ്ലസ്, മരച്ചീനിയിലയിൽ നിന്നുള്ള ജൈവകീടനാശിനികളായ നന്മ, ശ്രേയ, സൂക്ഷ്മ മൂലകക്കൂട്ട് (അയർ, സമ്പൂർണ), മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, കൂൺ വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **0495-2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കാർഷിക സർവകലാശാല വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാന്റേഷൻ ആൻഡ് സ്പൈസസ് വകുപ്പിൽ അത്യുല്പ്പാദന ശേഷിയുള്ള ഇഞ്ചി (ആതിര, ചിത്ര), തിപ്പലി (വിശ്വം) തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9447583467** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

3. കൃഷി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനുള്ളിലെ കൃഷി ബിനിനസ് കേന്ദ്രയിൽ കുറ്റ്യാടി, മലയൻ ഗ്രീൻ എന്നീ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 100 രൂപ നിരക്കിൽ വിൽപനയ്ക്കായി തയ്യാറായതായി കൃഷി ബിസിനസ് കേന്ദ്ര മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുഞ്ഞൊന്നിനു 160 രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

5. സംസ്ഥാന സർക്കാരിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷിമന്ത്രിയുടെ ഓഫീസിലെ ജീവനക്കാരും സെക്രട്ടറിയേറ്റ് ജീവനക്കാരും ചേർന്ന് ആരംഭിച്ച പച്ചക്കറികൃഷിക്ക് കവടിയാർ കൊട്ടാരത്തിന്റെയും പൂർണപിന്തുണ. ഒരേക്കർ ഭൂമി കൃഷി ചെയ്യുന്നതിനു വേണ്ടി അനുവദിച്ചിരിക്കുകയാണ് രാജകുടുംബം. പച്ചക്കറി കൃഷിക്കായി ഒരുക്കിയിട്ട നിലത്തിൽ രാജകുടുംബാംഗങ്ങളുടെ സാന്നിധ്യത്തിൽ കൃഷി മന്ത്രി പി. പ്രസാദ് തൈ നടീൽ ഉദ്ഘാടനം ചെയ്തു. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി തമ്പുരാട്ടി, മകൻ ആദിത്യവർമ്മ, മരുമകൾ രശ്മി വർമ്മ എന്നിവരും സെക്രട്ടറി ബാബു നാരായണനും ചടങ്ങിൽ സംബന്ധിച്ചു. തക്കാളി, വഴുതന, മുളക് എന്നീ പച്ചക്കറി തൈകൾ ആണ് ആദ്യഘട്ടത്തിൽ ജീവനക്കാർ നട്ടത്. ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം കൃഷിക്കായി ഒരുക്കിയിട്ടുണ്ട്. കാർഷിക വികസനമാണ് ഏറ്റവും ആദ്യം വേണ്ടതെന്നും മറ്റെല്ലാ വികസനവും ആവശ്യമെങ്കിൽ മാത്രമേ വേണ്ടിയുള്ളൂ എന്നും ലക്ഷ്മി ഭായി തമ്പുരാട്ടി അഭിപ്രായപ്പെട്ടു. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നി ഉൾപ്പെടെയുള്ള മൃഗങ്ങളെ അവയെ കൊല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെ നിയന്ത്രണ വിധേയമാക്കണമെന്നും തമ്പുരാട്ടി മന്ത്രിയോട് ആവശ്യപ്പെട്ടു.

6. നാടൻ ഭക്ഷ്യ ഉത്പന്നങ്ങളുടെ വിതരണത്തിനും വിൽപ്പനയ്ക്കുമായി പുതിയ ആയിരം ഹോർട്ടി സ്റ്റോറുകളുമായി ഹോർട്ടികോർപ്പ് സംസ്ഥാനത്തു പ്രവർത്തനമാരംഭിക്കും. നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ വിപുലമായ ഹോർട്ടി ബസാർ ആരംഭിക്കുവാനും തീരുമാനം. സെക്രട്ടറിയേറ്റ് അനക്സ് 2 ശ്രുതി ഹാളിൽ ചേർന്ന ഔട്ട്‌ലുക്ക് – ഹോർട്ടികോർപ്പ് എന്ന പരിപാടി ഈ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഹോർട്ടികോർപ്പ് ചെയർമാൻ അഡ്വ.എസ് വേണുഗോപാലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. കാർഷികരംഗത്ത് നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന പരിപാടിയിലൂടെ ഉൽപാദനം വർധിപ്പിക്കുമ്പോൾ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് വില്പന നടത്തി കർഷകരെ സഹായിക്കുവാൻ സജ്ജമാകണമെന്ന് മന്ത്രി സൂചിപ്പിച്ചു. ഹോർട്ടി ബസാർ, ഹോർട്ടി സ്റ്റോറുകൾ എന്നിവയ്ക്കുപുറമേ

ഗുണനിലവാരമുള്ള ഫലവൃക്ഷതൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിൽ അഗ്രി ഫാമുകൾ ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ആരംഭിക്കുവാനും തേൻ വിൽപ്പനയ്ക്കായി ഹണി ബങ്കുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചു. കാർഷിക സമൃദ്ധി - ആരോഗ്യ ഭക്ഷണം എന്ന സന്ദേശം ഉൾക്കൊള്ളുന്ന ഹോർട്ടികോർപ്പിന്റെ പുതിയ ലോഗോ ചടങ്ങിൽ വച്ച് മന്ത്രി പ്രകാശനം ചെയ്തു. കൃഷിവകുപ്പ് സെക്രട്ടറി അലി അസ്ഗർ പാഷ ഐഎഎസ്, ഹോർട്ടി കോർപ്പ് എം. ഡി. ജെ. സജീവ് എന്നിവരും ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

## പരിശീലന പരിപാടികൾ

7. ഞങ്ങളും കൃഷിയിലേക്ക് 'എന്ന പദ്ധതിയുടെ ഭാഗമായി 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (**29.6.2022**) തിരുവനന്തപുരം വെള്ളായണി , കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന് വളമിടുന്നതിൽ ഇന്ന് (ജൂൺ 14-ന്) കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

9. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് **ആട് വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 16-ന് (16/06/22ന്) രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0491 – 2815454** എന്ന ഫോൺ നമ്പറിലേക്ക് വിളിച്ചോ, **9188522713** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22, 23 (22/06/22,23/06/22 ) തീയതികളിൽ രാവിലെ 10 മുതൽ 1.00 മണി വരെ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469 2965535** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടോ, **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

11. മഴക്കാലത്ത് ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകളിൽ മൂട്ചീയൽരോഗം വരാതെ തടയുന്നതിനായി ചാലുകൾ കീറി നീർവാർച്ചാ സൗകര്യം ഉറപ്പാക്കുക. ഒരു ലിറ്റർ വെള്ളത്തിലേക്ക് 20 ഗ്രാം പച്ചച്ചാണകം എന്ന തോതിൽ കലക്കി തെളിയെടുത്ത് അതിലേക്ക് 20 ഗ്രാം സ്യുഡോമോണാസ് ചേർത്ത് തടത്തിൽ ഒഴിച്ച് കൊടുക്കുന്നത് വഴി രോഗം പ്രതിരോധിക്കാവുന്നതാണ്.

12. പച്ചക്കറികളിൽ ഇല കുരുടിക്കുന്ന പച്ചത്തുള്ളൻ, വെള്ളീച്ച എന്നീ ചെറുപ്രാണികളെ നിയന്ത്രിക്കുക. പടവലം, പാവൽ എന്നിവയിൽ കായീച്ചയുടെ ആക്രമണം ചെറുക്കുന്നതിന് പഴക്കെണി പന്തലിന്റെ പല ഭാഗങ്ങളിലായി തൂക്കാവുന്നതാണ്. പച്ചക്കറികൾക്ക് 3 മുതൽ 4 ദിവസം കൂടുമ്പോൾ നല്ലതോതിലുള്ള ജലസേചനം നൽകണം. ഇലപ്പുള്ളി രോഗം, പൗഡറി മിൽഡ്യൂ തുടങ്ങിയ കുമിൾ രോഗങ്ങൾക്കെതിരെ മാഗ്രത പാലിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം